തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി
## അറുപത്തി അഞ്ചാമത് യോഗതീരുമാനങ്ങൾ
### 2024 ഫെബ്രുവരി 13 ചൊവ്വാഴ്ച, ഉച്ചയ്ക്ക് 3.00 മണിക്ക്

**പങ്കെടുത്തവർ:**

1. ഡോ. സുഷമ എൽ. (വൈസ് ചാൻസലർ) (അദ്ധ്യക്ഷ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി എസ്.വി. കല (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ഡോ. ജെ. പ്രസാദ്
5. ഡോ. സി. രാജേന്ദ്രൻ
6. ഡോ. കെ.ജി. പൗലോസ്
7. ഡോ. കെ.എം. അനിൽ
8. ഡോ. ധന്യ ആർ.

ഡോ. കെ.എം. ഭരതൻ (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതിയുടെ 65-ാമത് യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. വൈസ് ചാൻസലർ സമിതി അംഗങ്ങളെ യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് അജണ്ടകൾ അവതരിപ്പിച്ച് ചർച്ചകൾ നടന്നു.

## തീരുമാനങ്ങൾ

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.24**<br>സർവകലാശാലയിൽ വിവിധ തസ്തികകളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്. | സർവകലാശാലയിൽ വിവിധ തസ്തികകളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ച ശേഷം നടപ്പിലാക്കാൻ തീരുമാനിച്ചു. മേൽ വിഷയത്തിൽ അനുകൂല തീരുമാനത്തിനായി സർക്കാരിലേക്ക് അടിയന്തിരമായി കത്തെഴുതാനും തീരുമാനിച്ചു. |
| **അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റിനങ്ങൾ:**<br>ഇനം നമ്പർ: **2024.25**<br>ഗവേഷകരുടെ ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.<br>(115/പിഎച്ച്.ഡി./എ4/2020 – ഭരണവിഭാഗം) | ഗവേഷകരുടെ സർവകലാശാലാ ഫെല്ലോഷിപ്പ് ആദ്യ രണ്ടു വർഷം 12,000/- രൂപയിൽ തുടരുവാനും ഗവേഷണ പുരോഗതിയുടെ അടിസ്ഥാനത്തിൽ മൂന്നാം വർഷം 13,000/- രൂപ നിരക്കിൽ അനുവദിക്കുവാനും തീരുമാനിച്ചു. 2022 പ്രവേശനം മുതൽ പ്രാബല്യമുണ്ടായിരിക്കും. |

| വിഷയം | തീരുമാനം |
|---|---|
| ഇനം നമ്പർ: **2024.26**<br>2019 ബാച്ചിലെ ഗവേഷകരുടെ ഫെല്ലോഷിപ്പ് കുടിശ്ശിക - സംബന്ധിച്ച്.<br>(115/പിഎച്ച്.ഡി./എ4/2020 - ഭരണവിഭാഗം) | 2019 ബാച്ചിലെ ഗവേഷകരുടെ ഫെല്ലോഷിപ്പ് കുടിശ്ശിക, ധനകാര്യ ഉപസമിതിയുടെ ശുപാർശ പ്രകാരം പരമാവധി 3 ഗഡുക്കളായി അനുവദിക്കുവാൻ അനുമതി നൽകി. ആദ്യ ഗഡു 2024 മാർച്ച് 31നകം കൊടുത്തു തീർക്കുവാൻ സർവകലാശാലാ രജിസ്ട്രാറെയും ഫിനാൻസ് ഓഫീസറെയും ചുമതലപ്പെടുത്തി. |



രജിസ്ട്രാർ ഇൻ ചാർജ്